"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം —ആറ്റിങ്ങൽ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ലാജി ആർ-ന്റെ മുൻകാലസേവനകാലം ശമ്പള നിർണ്ണയത്തിന് പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.798/2022/LSGD തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. നഗരകാര്യഡയറക്ടർക്കുള്ള 07.11.2019 തീയതിയിലെ ഇയു2-197/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്.
2. നഗരകാര്യഡയറക്ടറുടെ 26.02.2021 തീയതിയിലെ ഇ3- 5057/19 നം. കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ആറ്റിങ്ങൽ നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ലാജി ആർ മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.സി/ബി.സി ആയി 05.02.2004ന് ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് പി.ഡബ്ല്യൂ.ഡി വകുപ്പിൽ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ച 10.07.2000മുതൽ 04.02.2004 വരെയുള്ള കാലയളവിലെ മുൻകാലസേവന ആനുകൂല്യങ്ങൾ മുനിസിപ്പൽ കോമൺ സർവ്വീസിൽ സംരക്ഷിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നതനുസരിച്ച് പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ലാജി ആർ പൊതുമരാമത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 2610-3680 ശമ്പളസ്കെയിലിൽ 2790/- രൂപ അടിസ്ഥാന ശമ്പളം വാങ്ങി വരവേ 05.02.2004ൽ ആണ് മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ 3050-75-3950-80-5230 ശമ്പള സ്കെയിലിൽ നിയമിതനായത്. 13.07.1987 ലെ സ.ഉ.(എം.എസ്.) നം.162/87/തസ്വഭവ നമ്പർ ഉത്തരവിനു പ്രാബല്യം 31.03.1984 മുതൽ 11.09.2006 വരെ ആയതിനാൽ ശ്രീ.ലാജി പൊതുമരാമത്ത് വകുപ്പിൽ സേവനമനുഷ്ഠിച്ച 04.02.2004 വരെയുള്ള സർവ്വീസ് 05.02.2004 മുതലുള്ള മുനിസിപ്പൽ കോമൺസർവ്വീസിൽ ശമ്പള നിർണ്ണയത്തിന് പരിഗണിക്കാവുന്നതാണെങ്കിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വാങ്ങിവന്നിരുന്ന അടിസ്ഥാന ശമ്പളം മുനിസിപ്പൽ കോമൺസർവ്വീസിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ ശമ്പളസ്കെയിലിന്റെ പ്രാരംഭതുകയേക്കാൾ കുറവായിരുന്നതിനാൽ 5.2.2004-ൽ 3050/- രൂപ അടിസ്ഥാനശമ്പളം നിശ്ചയിച്ചിരിക്കുന്നത് ക്രമപ്രകാരമാണ്. സർക്കാർ സർവ്വീസ് പരിഗണിച്ച് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഇൻക്രിമെന്റ് നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മുനിസിപ്പൽ കോമൺസർവ്വീസിലെ എൽ.ഡി.ക്ലർക്ക് തസ്തികയിൽ ആദ്യത്തെ ഇൻക്രിമെന്റ് ഒരു വർഷസേവനം പൂർത്തിയാകുന്ന മുറയ്ക്ക് 01.02.2005ൽ നൽകിയത് ക്രമപ്രകാരമാണ് എന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ.( നഗരകാര്യ ഡയറക്ടർ മുഖേന),

ശ്രീ. ലാജി ആർ, സീനിയർ ക്ലർക്ക്, ആറ്റിങ്ങൽ നഗരസഭ( നഗരകാര്യ ഡയറക്ടർ മുഖേന),
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ